**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1230** **10-10-2024 - ൽ മറുപടിയ്ക്ക്**

**കണ്ണാടി-പന്നിക്കോട് റോഡ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ ആലത്തൂർ, പാലക്കാട് മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന കണ്ണാടി-പന്നിക്കോട് റോഡ് പദ്ധതിയുടെ സ്ഥലമേറ്റെടുപ്പ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ; | (എ) | കിഫ്ബി പദ്ധതിയായ കണ്ണാടി പന്നിക്കോട് റോഡിന് 21.82 ares ഭൂമി ഏറ്റെടുക്കുന്നതിനായി റവന്യൂവകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുള്ളതും സ്ഥലമേറ്റെടുപ്പ് നടപടികൾ കിഫ്ബി ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുന്നതിന് തീരുമാനമാനിച്ചിരുന്നു. നിലവിലുള്ള റോഡിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനും, അലൈൻമെന്റ് പ്രകാരം പ്രസ്തുത റോഡിന് ആവശ്യമായ ഭൂമിയുടെ അതിരുകൾ നിർണ്ണയിക്കുന്നതിനുള്ള സർവേകൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ ഭരണാനുമതിയിൽ ഉൾപ്പെടാത്ത അധിക സർവ്വേ നമ്പറുകൾ കൂടി ഉൾപ്പെടുത്തി 34.1 ares ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ സ്ഥലമേറ്റെടുപ്പ് പ്രവൃത്തികൾ കിഫ്ബി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ സ്ഥലമേറ്റെടുപ്പ് പ്രവൃത്തികൾ റവന്യൂ വിഭാഗത്തിന് കീഴിലുള്ള സ്പെഷ്യൽ തഹസീൽദാർ എൽ.എ. (കിഫ്ബി) പാലക്കാടിന് കീഴിൽ പുരോഗമിക്കുന്നു. എൽ.എ തഹസിൽദാർ നടപടി പൂർത്തിയാക്കി അധിക ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുക കണക്കാക്കി കഴിയുന്നതിനനുസരിച്ച് എൽ.എ തഹസിൽദാർക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതും. ടി തുക ഭൂവുടമകൾക്ക് നൽകിക്കൊണ്ട് എൽ.എ തഹസിൽദാർ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പൂർത്തീകരിക്കുന്നതുമാണ്. |
| (സി) | പ്രസ്തുത റോഡ് നിർമ്മാണവും അറ്റകുറ്റപണികളും ബജറ്റ് ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് നിരത്ത് വിഭാഗം മുഖാന്തിരം പ്രായോഗികമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (സി) | നിലവിൽ റോഡ് നിർമ്മാണത്തിന് കിഫ്ബി ഫണ്ട് അനുവദിച്ച സാഹചര്യത്തിൽ പരിപാലനവും KRFB -യാണ് നിർദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ